<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>എടരിക്കോട് ടെക്സ്റ്റൈയിൽസ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തിരിമറി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസ് തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് തിരിമറി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തിരിമറി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കുടിശികകൾ അടയ്ക്കാത്തതു സംബന്ധിച്ച് തൊഴിലാളി യൂണിയൻ മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ പരാതി നൽകിയിട്ടുണ്ട്. |
| (സി) | തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന തുക പ്രൊവിഡന്റ് ഫണ്ടിൽ ഒടുക്കാതെ വക മാറ്റുന്നത് എന്ത് ആവശ്യത്തിനാണെന്നും, ആയതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ അനധികൃതമായി തുക വക മാറ്റിയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന തുകയിൽ വക മാറ്റിയത് എത്രയെന്നും, പ്രസ്തുത തുക എന്ന് തിരിച്ച് അടയ്ക്കുമെന്നും വിശദമാക്കാമോ? | (ഡി) | എടരിക്കോട് ടെക്സ്റ്റൈൽസിലെ നിലവിലെ പി.എഫ് കുടിശിക 582.13 ലക്ഷം രൂപയാണ്. പി.എഫ് കുടിശികകൾ അടയ്ക്കാൻ കഴിയാതെ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ, തുടർനട പടികൾ ഒഴിവാക്കുന്നതിനും കുടിശിക അടയ്ക്കുന്നതിന് തവണ വ്യവസ്ഥയും സാവകാശവും ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ